## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## പോലീസ് സേനയെ നവീകരിച്ച് ജനസേവകരാക്കാൻ നടപടി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1985** — **6/2/2019-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ച് മനുഷ്യാവകാശ ധ്വംസകരായി മാറിയ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | സർക്കാർ നയത്തിന് വിരുദ്ധമായി മനുഷ്യാവകാശത്തിന് എതിരായി പ്രവർത്തിച്ച 10 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപടി എടുത്തിട്ടുണ്ട്. രണ്ടു സംഭവങ്ങളിലായി ആണ് ഇവർക്കെതിരെ കേസെടുത്ത് അന്വേഷിച്ചിട്ടുള്ളത്. |
| (ബി) | പോലീസ് സേനയെ നവീകരിച്ച് ജനസേവകരാക്കാൻ ഈ സർക്കാർ ഇതേവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | പോലീസ് സേനയെ നവീകരിച്ച് ജനസേവകരാക്കാൻ വേണ്ടി, ഈ സർക്കാർ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള പോലീസുദ്യോഗസ്ഥരെ എസ്.എച്ച്.ഒ.മാരായി നിയമിച്ചിട്ടുള്ളതും, പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനുമായി ഓരോ പോലീസ് സ്റ്റേഷനിലും, പി.ആർ.ഒ.മാരെയും അസി.പി.ആർ.ഒ.മാരെയും |

| | | | |
|---|---|---|---|
| | | | നിയമിച്ചിട്ടുള്ളതാണ്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിവ തരംതിരിച്ച് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ക്രോഡീകരിച്ചിട്ടുള്ളതാണ്. പോലീസ് സേനയെ നവീകരിച്ച് ജന സേവകരാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയും പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, പോലീസ് ക്വാർട്ടേഴ്സുകൾ, സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും, ആവശ്യമായ വാഹനങ്ങളും സി.യു.ജി സിമ്മുകളും മറ്റ് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും, സി,സി,റ്റി.എൻ.എസ്., എഫ്.ഐ.ആർ. സൈറ്റിൽ പബ്ലിഷ് ചെയ്യുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ